ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE; 07.09.2025**

## പ്രധാനവാർത്തകൾ

1. ശ്രീനാരായണ ഗുരുദർശനങ്ങൾ തലമുറകൾക്ക് പ്രചോദനമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പാർശ്വവൽക്കരിക്കപ്പെട്ട ജനതയെ ഗുരു കൈപിടിച്ചുയർത്തിയെന്ന് കേന്ദ്ര മന്ത്രി അമിത്ഷാ

2. 171–ാംം ജയന്തി ദിനത്തിൽ ശ്രീ നാരായണ ഗുരുവിന് ആദരാഞ്ജലി അർപിച്ച് കേരളം. ഗുരു പകർന്ന സഹജീവി സ്നേഹമാണ് ഭാരത സംസ്കാരത്തിന്റെ സാരാംശമെന്ന് ഗവർണ്ണർ രാജേന്ദ്ര ആർലേക്കർ. ഗുരുചിന്തകളാണ് ആധുനിക കേരളത്തിന്റെ ചാലകശക്തിയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

3. ഓണാവധിക്ക് ശേഷം സംസ്ഥാനത്തെ സ്കൂളുകൾ നാളെ തുറക്കും. പഠനത്തിൽ പിന്നാക്കം നിൽക്കുന്നവർക്ക് പിന്തുണ നൽകുമെന്ന് പൊതുവിദ്യാഭ്യാസവകുപ്പ്.

4. ദശാബ്ദത്തിലെ ഏറ്റവും ദൈർഘ്യമേറിയ സമ്പൂർണ ചന്ദ്രഗ്രഹണം ഇന്ന് രാത്രി ദൃശ്യമാകും.

5. അമ്പെയ്ത്ത് ലോക ചാമ്പ്യൻഷിപ്പിൽ ഫ്രാൻസിനെ പരാജയപ്പെടുത്തി ഇന്ത്യൻ പുരുഷ ടീം.

RNUTVPM

&&&&&&&&&&&&&&&&&&

## ഗുരുജയന്തി - പി.എം - അമിത്ഷാ

സമത്വം, കാരുണ്യം, സാർവത്രിക സാഹോദര്യം എന്നിവയെക്കുറിച്ചുള്ള ശ്രീനാരായണ ഗുരുവിന്റെ വാക്കുകൾ സമൂഹത്തിൽ വ്യാപകമായി പ്രതിധ്വനിക്കുന്നുവെന്നു പ്രധാനമന്ത്രി നരേന്ദ്ര മോദി. ഗുരുജയന്തിയോട് അനുബന്ധിച്ച് നൽകിയ സന്ദേശത്തിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. സാമൂഹിക പരിഷ്കരണത്തിനും വിദ്യാഭ്യാസ പുരോഗതിക്കും വേണ്ടിയുള്ള നാരായണ ഗുരുവിന്റെ ആഹ്വാനം തലമുറകളെ പ്രചോദിപ്പിക്കുന്നുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു. സമൂഹത്തിലെ ഉച്ചനീചത്വങ്ങൾ അവസാനിപ്പിക്കാനും പാർശ്വവൽക്കരിക്കപ്പെട്ട ജനതയെ കൈപിടിച്ചുയർത്താനും ജീവിതം ഉഴിഞ്ഞുവെച്ച സാമൂഹിക പരിഷ്കർത്താവായിരുന്നു ശ്രീനാരായണ ഗുരുവെന്ന് കേന്ദ്ര മന്ത്രി അമിത്ഷാ സമൂഹമാധ്യമത്തിൽ കുറിച്ചു.

***********************

## ശ്രീ നാരായണ ഗുരു : ഗവർണ്ണർ

പരസ്പര ബഹുമാനവും അംഗീകാരവും തന്നെയാണ് നമ്മുടെ ജനാധിപത്യത്തിന്റെ അടിസ്ഥാനമെന്ന് ഗവർണ്ണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. ശ്രീ നാരായണ ഗുരുവിന്റെ 171–ാം ജയന്തി ആഘോഷങ്ങളുടെ ഭാഗമായി വർക്കല ശിവഗിരിയിൽ നടന്ന ജയന്തി സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു ഗവർണർ. ഗുരുവിന്റെ ഉപദേശത്തിന്റെ ആധാരമായ സഹജീവി സ്നേഹമാണ് ഭാരതത്തിന്റെ സംസ്കാരത്തിന്റെ സാരാംശമെന്നും അദ്ദേഹം പറഞ്ഞു. ആധുനിക കേരളത്തിന്റെ സാമൂഹ്യ മാറ്റങ്ങൾക്ക് ചാലകശക്തിയായി മാറാൻ ഗുരുചിന്തകൾക്കു കഴിഞ്ഞതായി മുഖ്യമന്ത്രി പിണറായി വിജയൻ ആശംസാ സന്ദേശത്തിൽ ചൂണ്ടിക്കാട്ടി. ഗുരു ജയന്തിയോട് അനുബന്ധിച്ച് ശിവഗിരിയിലും ചെമ്പഴന്തി ഗുരുകുലത്തിലും വിവിധ പരിപാടികളാണ് സംഘടിപ്പിച്ചത്.

***********************

RNUTVPM

## ഓണം വാരാഘോഷം (ഇൻട്രോ)

സംസ്ഥാന സർക്കാറിന്റെ ഓണം വാരാഘോഷം നാലാം ദിനത്തിലേക്ക് കടന്നു. ചതയ ദിനമായ ഇന്നും നിരവധി പേരാണ് ഓണാഘോഷം ആസ്വദിക്കാൻ തിരുവനന്തപുരം നഗരത്തിലേക്ക് ഒഴുകിഎത്തിക്കൊണ്ടിരിക്കുന്നത്. മറ്റന്നാൾ വൈകുന്നേരം നടക്കുന്ന സാംസ്കാരിക ഘോഷയാത്രയോടെ ഓണം വാരാഘോഷത്തിന് കൊടിയിറങ്ങും. ചൊവ്വാഴ്ച ഉച്ചക്ക് ശേഷം തലസ്ഥാനനഗരത്തിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്......**

(വോയിസ്)

************************

## പുലികളി

പുലിച്ചുവടുകളും പുലിത്താളവുമായി തൃശൂർ സ്വരാജ് റൗണ്ടിൽ നാളെ പുലിയിറങ്ങും. ഒമ്പത് പുലികളി സംഘങ്ങളാണ് ഇക്കുറി എം.ജി റോഡ് വഴി സ്വരാജ് റൗണ്ടിന് ചുറ്റും കളിക്കിറങ്ങുക. പുലിമടകളിൽ അവസാനഘട്ട ഒരുക്കങ്ങൾ പുരോഗമിക്കുകയാണ്. പുലികളിയോടനുബന്ധിച്ച് നാളെ ഉച്ചയ്ക്ക് ശേഷം തൃശ്ശൂർ താലൂക്ക് പരിധിയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സർക്കാർ ഓഫീസുകൾക്കും പ്രാദേശിക അവധി പ്രഖ്യാപിച്ചിട്ടുണ്ട്.

************************

## സുരേഷ് ഗോപി.-പുലികളി

തൃശ്ശൂരിലെ പുലികളി സംഘങ്ങൾക്ക് വിനോദ സഞ്ചാര മന്ത്രാലയത്തിന്റെ D P P H പദ്ധതിക്ക് കീഴിൽ 3 ലക്ഷം രൂപ വീതം അനുവദിക്കുമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. ഇത് സാധ്യമാക്കാൻ സഹായിച്ച കേന്ദ്ര വിനോദസഞ്ചാര മന്ത്രി ഗജേന്ദ്ര സിംഗ് ശെഖാവത്തിന് നന്ദി

RNU TVPM

അറിയിക്കുന്നതായും സമൂഹമാധ്യമ പോസ്റ്റിൽ ശ്രീ. സുരേഷ് ഗോപി പറഞ്ഞു.
************************

**പായിപ്പാട് ജലോത്സവം (ഇൻട്രോ)**

പായിപ്പാട് ജലോത്സവത്തിന്റെ ഫൈനലിൽ പൊരിഞ്ഞ പോരാട്ടം. കൈനകരി വില്ലേജ് ബോട്ട് ക്ലബ്ബ് തുഴഞ്ഞ വീയപുരം ചുണ്ടനും പള്ളാത്തുരുത്തി ബോട്ട് ക്ലബിന്റെ മേൽപ്പാടം ചുണ്ടനും ഇഞ്ചോടിഞ്ച് പോരാട്ടമാണ് കാഴ്ചവച്ചത്. തർക്കം ഉണ്ടായതിനാൽ ഔദ്യോഗിക പ്രഖ്യാപനം ഉണ്ടായിട്ടില്ല .മൂന്നാം സ്ഥാനം കാരിച്ചാലിനാണ് കേന്ദ്ര മന്ത്രി സുരേഷ് ഗോപി വള്ളം ഉദ്ഘാടനം ചെയ്തു.

**വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി രവികുമാർ..**

**(വോയിസ്)**

************************

**സ്കൂൾ തുറക്കും**

ഓണാവധിക്ക് ശേഷം സംസ്ഥാനത്തെ സ്കൂളുകൾ നാളെ തുറക്കും. വിദ്യാർത്ഥികളുടെ പഠനനിലവാരവുമായി ബന്ധപ്പെട്ട സർക്കുലറും പൊതുവിദ്യാഭ്യാസവകുപ്പ് പുറത്തിറക്കി. പാദവാർഷിക പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചശേഷം 30 ശതമാനം മാർക്ക് ലഭിക്കാത്തവർക്ക് പഠന പിന്തുണ നൽകും.
************************

**ചന്ദ്രഗ്രഹണം**

ദശാബ്ദത്തിലെ ഏറ്റവും ദൈർഘ്യമേറിയ സമ്പൂർണ്ണ ചന്ദ്രഗ്രഹണം ഇന്ന്. ഇന്ത്യൻ സമയം രാത്രി 8:58 മുതൽപുലർച്ചെ 2:25 വരെയുള്ള ഗ്രഹണം രാത്രി നേരിട്ട് കാണാം. ഗ്രഹണം അഞ്ച് മണിക്കൂർ നീണ്ടു നിൽക്കും. ഈ സമയം ചുവപ്പ് നിറത്തിലാകും ചന്ദ്രനെ കാണാനാവുക. ഡൽഹി, മുംബൈ, കൊൽക്കത്ത, ബെംഗളൂരു തുടങ്ങിയ ഇന്ത്യൻ നഗരങ്ങളിൽ ഗ്രഹണം ദൃശ്യമാകും.

RNU TVPM

************************

**സംസ്ഥാനം മഴ-ന്യൂ**

സംസ്ഥാനത്ത് വടക്കൻ ജില്ലകളിൽ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ചൊവ്വാഴ്ച മുതൽ മഴ ശക്തമാകുമെന്നാണ് മുന്നറിയിപ്പ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ ചൊവ്വാഴ്ച യെല്ലോ അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. വരും മണിക്കൂറുകളിൽ പാലക്കാട് മലപ്പുറം കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഒറ്റപ്പെട്ട മഴയ്ക്ക് സാധ്യതയുണ്ട്.

************************

**ശബരിമല ഇൻട്രോ**

ഓണപൂജകൾ പൂർത്തിയാക്കി ശബരിമല ക്ഷേത്രനട ഇന്ന് അടയ്ക്കും. പൂർണ്ണ ചന്ദ്രഗ്രഹണം ആരംഭിക്കുന്നതിനാൽ ഇന്ന് രാത്രി 8.30 നാണ് നട അടയ്ക്കുക.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ...**

**(വോയിസ്)**

************************

**മുതുപിലാക്കാട്ടെ വിവാദ അത്തപ്പൂക്കളം**

മുതുപിലാക്കാട്ടെ വിവാദ അത്തപ്പൂക്കളം കേന്ദ്ര സഹമന്ത്രി സുരേഷ്ഗോപി സന്ദർശിച്ചു. കേസിലെ രണ്ടാം പ്രതിയായ സൈനികനെ ഷാൾ അണിയിച്ച് ആദരിച്ചു. തിരുവോണദിവസം പ്രദേശവാസികളായ യുവാക്കൾ അത്തപ്പൂക്കളം ഒരുക്കിയതിനെത്തുടർന്ന് തർക്കമുണ്ടാകുകയും 27 പേർക്കെതിരെ ശാസ്താംകോട്ട പോലീസ് കേസെടുക്കുകയും ചെയ്ത സാഹചര്യത്തിലായിരുന്നു ശ്രീ. സുരേഷ് ഗോപിയുടെ സന്ദർശനം.

************************

**അമെത്സ്**

RNUTVPM

അമ്പെയ്ത്ത് ലോക ചാമ്പ്യൻഷിപ്പിൽ ചരിത്രം കുറിച്ച് ഇന്ത്യ. സൗത്ത് കൊറിയയിലെ ഗ്വാങ്ഷുവിൽ നടന്ന ലോക ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ പുരുഷ കോമ്പൗണ്ട് ആർച്ചറി ടീം ഫൈനലിൽ ഫ്രാൻസിനെ 235-233 എന്ന സ്കോറിന് പരാജയപ്പെടുത്തി.

************************

## കെ.സി.എൽ- ഫൈനൽ

കേരള ക്രിക്കറ്റ് ലീഗ് കലാശപ്പോരിന് അൽപസമയത്തിനകം തുടക്കം. രണ്ടാം പതിപ്പിന്റെ ഫൈനലിൽ കൊച്ചി ബ്ലൂ ടൈഗേഴ്സും, ഏരീസ് കൊല്ലം സെയിലേഴ്സുമാണ് ഏറ്റുമുട്ടുന്നത്. തിരുവനന്തപുരം ഗ്രീൻ ഫീൽഡ് സ്റ്റേഡിയത്തിലാണ് മത്സരം.

************************

## പാലരുവി എക്സ്പ്രസ്

തൂത്തുക്കുടി - പാലക്കാട് ജംഗ്ഷൻ പാലരുവി എക്സ്പ്രസിന് ഇരിങ്ങാലക്കുട റെയിൽവേ സ്റ്റേഷനിൽ നാളെ മുതൽ സ്റ്റോപ്പ് അനുവദിക്കും. യാത്രക്കാരുടെയും ജനപ്രതിനിധികളുടെയും അഭ്യർത്ഥന മാനിച്ചാണ് റെയിൽവേയുടെ തീരുമാനം.

************************

## കുട്ടിയുടെ മൃതദേഹം കണ്ടെത്തി

കഴിഞ്ഞ ദിവസം കോഴിക്കോട് മാനിപുരം ചെറുപുഴയിൽ കുളിക്കാനിറങ്ങി ഒഴുക്കിൽപ്പെട്ട് കാണാതായ കുട്ടിയുടെ മൃതദേഹം ഇന്ന് ഉച്ചക്ക് ഒന്നരയോടെ കണ്ടെത്തി. കൊടുവള്ളി തലപോയിൽ സ്വദേശി മുർഷിദിന്റെ മകൾ പത്തുവയസുകാരി തൻഹ ഷെറിൻ ആണ് മരണപ്പെട്ടത്. വെള്ളിയാഴ്ച വൈകിട്ട് നാലു മണിയോടെ മാനിപുരം ചെക്ക് ഡാമിന് സമീപം കുളിക്കുമ്പോഴാണ് അപകടത്തിൽപെട്ടത്.

************************

## പിതാവ് മകനെ വെട്ടിക്കൊലപ്പെടുത്തി.

RNUTVPM

തിരുവനന്തപുരം കാര്യവട്ടത്ത് പിതാവ് മകനെ വെട്ടിക്കൊലപ്പെടുത്തി. വലിയവിള പുത്തൻവീട്ടിൽ ഉല്ലാസിനെയാണ് ഇന്ന് രാവിലെ വീടിനുള്ളിൽ വെട്ടേറ്റ് മരിച്ച നിലയിൽ കണ്ടെത്തിയത്. സംഭവവുമായി ബന്ധപ്പെട്ട് പിതാവ് ഉണ്ണികൃഷ്ണൻ നായരെ പോത്തൻകോട് പോലീസ് കസ്റ്റഡിയിലെടുത്തു. മദ്യലഹരിയിൽ നടന്ന വഴക്കിനിടെ സംഭവിച്ചതാണെന്നാണ് പ്രാഥമിക വിവരം.

*

******

*******************************************

RNU TVPM